(ഇ) ഇതിൽ ദേശീയ അന്തർദേശീയ യാത്രക്കുള്ള ടിക്കറ്റുകൾ എത്ര തുക വീതമെന്ന് വെവ്വേറെ വ്യക്തമാക്കുമോ ;

(എഫ്) ഒ.ഡി.ഇ.പി.സി മുഖേന മാത്രം സർക്കാർ ഉദ്യോഗസ്ഥരും പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ദേശീയ അന്തർദേശീയ വിമാന ടിക്കറ്റുകൾ വാങ്ങാൻ ആവശ്യമായ നിർദ്ദേശം നൽകാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) 1999 വർഷത്തിൽ ഒ. ഡി. ഇ. പി. സി യുടെ യാത്രവിഭാഗം മുഖേന സർക്കാർ ഉദ്യോഗസ്ഥരും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും കൂടി ആകെ 1,04,56,387 രൂപയുടെ ടിക്കറ്റുകൾ ദേശീയ യാത്രകൾക്കായി എടുത്തിട്ടുണ്ട്. മന്ത്രിമാർ ആരും തന്നെ ഈ സ്ഥാപനത്തിൽ നിന്നും 1999-ൽ ടിക്കറ്റ് എടുത്തിട്ടില്ല. കൂടാതെ അന്തർദേശീയ യാത്രകൾക്കായി ഒ. ഡി. ഇ. പി. സി. മുഖേന മന്ത്രിമാരോ സർക്കാർ ഉദ്യോഗസ്ഥരോ, പൊതമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരോ 1999 വർഷത്തിൽ ടിക്കറ്റുകൾ ഒന്നും വാങ്ങിയിട്ടില്ല.

(സി-ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) സെക്രട്ടേറിയറ്റ് ഒഴികെയുള്ള തിരുവനന്തപുരം ആസ്ഥാനമായുള്ള സർക്കാർ ഉദ്യോഗസ്ഥർ ആഭ്യന്തര വിമാന യാത്രക്കുള്ള ടിക്കറ്റുകൾ ഒ. ഡി. ഇ. പി. സി മുഖേന വാങ്ങണമെന്ന ഒരു സർക്കുലർ നിലവിലുണ്ട്. സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാരുടെ വിമാന ടിക്കറ്റുകൾ ഒ. ഡി. ഇ. പി. സി മുഖേന വാങ്ങിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിശോധനയിലാണ്.

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്തിരുന്നവർക്ക് പെൻഷൻ നൽകാൻ നടപടി

37 (3227) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്തിരുന്നവർക്ക് ഏതുവർഷം മുതലാണ് പെൻഷൻ നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഇത് സംബന്ധമായ ഉത്തരവു ലഭ്യമാക്കുമോ ;

(ബി) കേരളപ്പിറവിക്കുശേഷം ഉണ്ടായിട്ടുള്ള സർക്കാരുകളിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്നവർക്കുകൂടി ബാധകമാകും വിധം പെൻഷൻ പദ്ധതിക്ക് മുൻകാല പ്രാബല്യം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-4-1982-മുതലാണ് പെൻഷൻ നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ഇതു സംബന്ധമായ 23-9-1994-ലെ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (എം. എസ്.) 283/94/ജി. എ. ഡി. ഇതോടൊപ്പം വയ്ക്കുന്നു.*

(ബി) ഇപ്പോൾ പരിഗണനയിലില്ല.

സന്നദ്ധ സംഘടനകൾക്ക് അക്രിഡിറ്റേഷൻ നൽകുന്നത് സംബന്ധിച്ച്

38 (3228) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ സന്നദ്ധ സംഘടനകളുടെ പങ്ക് എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സംഘടനകൾക്ക് അക്രിഡിറ്റേഷൻ കൊടുക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ സംഘടനകളുടെ പ്രവർത്തനം വിലയിരുത്തി അവയെ തരംതിരിച്ച് അവയ്ക്ക് ഗ്രേഡ് നിശ്ചയിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) എണ്ണം കാണക്കാക്കിയിട്ടില്ല.

(ബി-ഡി) സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ സന്നദ്ധ സംഘടനകൾ സജീവമായ പങ്ക് വഹിക്കുന്നുണ്ട്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യാനുള്ള നിയമം നിലവിലുണ്ട്. ഈ സംഘടനകളുടെ പ്രവർത്തനം വിലയിരുത്തുവാനുള്ള സമഗ്ര പഠനം നടത്തിയിട്ടില്ല. അവയെ തരംതിരിച്ച് ഗ്രേഡ് നിർണ്ണയിക്കുന്ന കാര്യം പരിഗണനയിലില്ല.

ഭവന നിർമ്മാണ ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചവർ

39 (3229) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ എംപ്ലോയിമെന്റ് എക്സചേഞ്ച് വഴി നിയമനം ലഭിക്കുകയും വർഷങ്ങളായി സർവ്വീസിൽ തുടർന്നു പോരുകയും ചെയ്യുന്ന വരെ മാനുഷിക പരിഗണനവെച്ച് സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ ബഹു. മുഖ്യമന്ത്രിയുടെ പരിഗണനയ്ക്ക് വിന്നിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly